(ബി) രോഗി മരണപ്പെട്ടാൽ പ്രസ്തുത തുക മരിച്ച രോഗിയുടെ നിയമാനുസൃതമുള്ള അവകാശികൾക്ക് നൽകുന്നതാണ്. ഇതിനുള്ള അധികാരം ജില്ലാ കളക്ടർമാർക്കുണ്ട്.

കേസ്സുകൾ തീർപ്പാക്കി പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്താൻ നടപടി

70 [2558] ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം ലഭിക്കണമെന്ന് ആവശ്യപ്പെട്ട് ഉദ്യോഗാർത്ഥികൾ നൽകിയ എത്ര കേസ്സുകൾ ഹൈക്കോടതിയിൽ നിലവിലുണ്ട്;

(ബി) സർക്കാർ സർവ്വീസിൽ ഒഴിവുകൾ ഉണ്ടായിട്ടും യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് നൽകാത്തതുമൂലമാണ് ഇതിൽ ഭൂരിഭാഗം കേസ്സുകളും ഉണ്ടായിട്ടുള്ളതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത വകുപ്പ് മേധാവികൾക്ക് എതിരെ നടപടി സ്വീകരിക്കുമോ;

(ഡി) ഹൈക്കോടതി ഉത്തരവിനെ തുടർന്ന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ മറ്റു രീതികളിൽ നിയമനം നടത്തിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) ഹൈക്കോടതിയിൽ നിലവിലുള്ള ഹർജികൾ വേഗത്തിൽ തീർപ്പാക്കി പരമാവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുമോ;

(എഫ്) പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്ത ഒഴിവുകളിൽ എത്രയും പെട്ടെന്ന് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—എഫ്) വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി. ആഫീസിൽ തീരുമാനമെടുക്കാതെ കിടക്കുന്ന അപേക്ഷകൾ

71 [2559] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നിയമനത്തിനുവേണ്ടി സമർപ്പിച്ച എത്ര അപേക്ഷകൾ തീരുമാനമെടുക്കാതെ കെട്ടിക്കിടക്കുന്നു;

(ബി) പി.എസ്.സി. മെമ്പർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(സി) ഒഴിവുകൾ നികത്താൻ അടിയന്തിര നടപടി കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) 9 (ഒൻപത്) മെമ്പർമാരുടെ ഒഴിവുകളാണ് നിലവിലുള്ളത്.

(സി) താമസംവിനാ നടപടി സ്വീകരിക്കുന്നതാണ്.

റദ്ദ് ചെയ്ത 540 റാങ്ക് ലിസ്റ്റുകളിന്മേൽ പുനർതീരുമാനം

72 [2560] ശ്രീ. ഉമേഷ് ചള്ളിയിൽ:

,, കെ. കെ. ഷാജു:

,, എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ഫെബ്രുവരി 4-നും മാർച്ച് 31-നും ഇടയ്ക്ക് റദ്ദ് ചെയ്ത 540 റാങ്ക് ലിസ്റ്റുകളിൽ നാലരവർഷം പൂർത്തിയാകാത്തതും പുതിയ റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കാത്തതുമായ റാങ്കു ലിസ്റ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) റാങ്ക് ലിസ്റ്റുകൾ നീട്ടാത്തതുമൂലം ഉദ്യോഗാർത്ഥികൾ അനുഭവിക്കുന്ന മാനസിക അവസ്ഥ പരിഗണിച്ച് ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചുവരുന്നു.

മാറാട് കലാപത്തിൽ കൊല്ലപ്പെട്ടവരുടെ ആശ്രിതർക്ക് ഗവൺമെന്റ് സർവ്വീസിൽ നിയമനം

73 [2561] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറാട് കലാപത്തിൽ കൊല്ലപ്പെട്ടവരുടെ ആശ്രിതർക്ക് ഗവൺമെന്റ് സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുക;

(ബി) എങ്കിൽ ആർക്കൊക്കെ നിയമനം നൽകിയിട്ടുണ്ടെന്നും ഏതൊക്കെ വകുപ്പുകളിലും തസ്തികകളിലുമാണ് നിയമനം നൽകിയിട്ടുള്ളതെന്നും വിശദമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) മാറാട് കലാപത്തിൽ കൊല്ലപ്പെട്ടവരുടെ ആശ്രിതർക്ക് അവരുടെ വിദ്യാഭ്യാസയോഗ്യതയനുസരിച്ച് റവന്യൂവകുപ്പിൽ വില്ലേജ്മാൻ, വില്ലേജ് അസിസ്റ്റന്റ്, പ്യൂൺ എന്നീ തസ്തികകളിൽ നിലവിലുള്ള നിയമത്തിൽ ഇളവ് വരുത്തി പബ്ലിക് സർവീസ് കമ്മീഷന്റെ അംഗീകാരത്തോടെ നിയമനം നൽകാൻ 23-6-2004-ൽ ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് പബ്ലിക് സർവീസ് കമ്മീഷന്റെ അംഗീകാരത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly